STARRED QUESTIONS POSTED FOR ANSWER ON 20-4-1955

ടൈം സ്കെയിൽ.

* 744. [31] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രസിദ്ധീകരിക്കപ്പെട്ട പുതിയ ടൈംസ്കെയിൽ അനുസരിച്ചു ശമ്പളപരിഷ്ക്കാരം എന്നുമുതൽ നടപ്പിലാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്; ഏതെല്ലാം വിഭാഗക്കാർക്കാണ് പുതിയ ശമ്പളപരിഷ്ക്കാരത്തിൽ പരാതിയുള്ളത്;

(ബി) പരാതികളെ സംബന്ധിച്ച് എന്തു നിലയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) പുതിയ ശമ്പളസ്കെയിലുകൾ 1-4-1955 മുതൽ നടപ്പിൽ വരുന്നതാണ്.

അദ്ധ്യാപകന്മാർ, വില്ലേജ് ഉദ്യോഗസ്ഥന്മാർ, പ്രസ്സ് തൊഴിലാളികൾ, കമ്പൗണ്ടർമാർ, സ്റ്റാക്കുമെൻ ടാംവെതൊഴിലാളികൾ, പോർട്ട് സിഗ്നലേഴ്സ്, ടേസേഴ്സ്; ചില ഡിപ്പാർട്ടുമെന്റിലെ ക്ലാർക്കുമാർ മുതലായ എതാനും വിഭാഗങ്ങളിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇവയെല്ലാം സർക്കാർ പരിഗണിച്ചുവരികയാണ്. പേക്കമ്മിഷന്റെ പരിഗണനയ്ക്ക് വിധേയമാകുന്നതാണ്.

ആയുർവ്വേദവൈദ്യശാലകളുടെ ഗ്രാന്റ്.

* 745. [32] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

ആയുർവ്വേദവൈദ്യശാലകൾക്കുള്ള ഗ്രാന്റ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ എന്നേക്കു നടപ്പിൽ വരും?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): ആയുർവ്വേദവൈദ്യശാലകൾക്കുള്ള ഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതു് സർക്കാരിന്റെ പരിശോധിച്ചുകൊണ്ടിരിക്കുന്നു.

മലയാളത്തിൽ എഴുത്തുകുത്തുകൾ.

* 746. [33] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിയുന്നത്ര എഴുത്തുകുത്തുകൾ മലയാളത്തിലാക്കി ദേശീയ ഭാഷയായ മലയാളത്തെ പ്രോത്സാഹിപ്പിക്കേണ്ട കാര്യം സർക്കാർ ചിന്തിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള മാർഗ്ഗങ്ങൾ നടത്തിനോക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly